ഉത്തരം

(എ-സി) ഇല്ല.

(ഡി) ശ്രദ്ധയിൽപ്പെട്ടിട്ടില്ല.

ദേശീയ ഗെയിംസിന്റെ ചെലവ്

288 (294) ശ്രീ. കെ. കെ. നാരായണൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനവും പരിസ്ഥിതിയും ഗതാഗതവും സ്പോർട്സും സിനിമയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ദേശീയ ഗെയിംസിന്റെ ഭാഗമായി, എന്തെല്ലാം ആവശ്യങ്ങൾക്കായി എത്ര രൂപ ചെലവഴിച്ചിട്ടുണ്ട് എന്ന് വ്യക്തമാക്കാമോ ;

(ബി) പ്രസ്തുത തുക ചെലവഴിച്ചത് എപ്പോഴൊക്കെയാണെന്നും ഏതെല്ലാം ആവശ്യങ്ങൾക്കാണെന്നും തരംതിരിച്ച് വിശദമാക്കാമോ?

ഉത്തരം

(എ&ബി) വിശദാംശം അനുബന്ധമായി ഉൾക്കൊള്ളിച്ചിട്ടുണ്ട്.*

ദേശീയ ഗെയിംസിന്റെ സംഘാടക കമ്മിറ്റികൾ

289 (295) പ്രൊഫ. സി. രവീന്ദ്രനാഥ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനവും പരിസ്ഥിതിയും ഗതാഗതവും സ്പോർട്സും സിനിമയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ദേശീയ ഗെയിംസിന്റെ സംഘാടനവുമായി ബന്ധപ്പെട്ട് നയപരവും സാമ്പത്തിക ബാധ്യത വരുത്തുന്നതുമായ തീരുമാനങ്ങൾ എടുത്തത് ഏത് കമ്മിറ്റിയാണ്;

(ബി) പ്രസ്തുത കമ്മിറ്റിയുടെ ഭാരവാഹികൾ ആരൊക്കെയാണ്; എത്ര തവണ പ്രസ്തുത കമ്മിറ്റി യോഗം ചേരുകയുണ്ടായി;

(സി) ബന്ധപ്പെട്ട കമ്മിറ്റികളിൽ ചർച്ച ചെയ്ത തീരുമാനം എടുക്കാതെ എന്തെങ്കിലും ചെലവ് നടത്തുകയുണ്ടായിട്ടുണ്ടോ;

(ഡി) സാമ്പത്തിക കാര്യങ്ങളിലും നയപരമായ സംഗതികളിലും തീരുമാനം എടുക്കാനുള്ള അധികാരവും പ്രസ്തുത കമ്മിറ്റികൾക്ക് സർക്കാർ ഉത്തരവ് വഴി നല്കുകയുണ്ടായിട്ടുണ്ടോ; നിക്ഷിപ്തമായ അധികാരങ്ങൾക്ക് പുറത്ത് എന്തെല്ലാം തീരുമാനങ്ങൾ എടുക്കുകയുണ്ടായെന്ന് പരിശോധിച്ചിട്ടുണ്ടോ?

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly

LIBRARY ARCHIVES Kerala Legislative Assembly

ഉത്തരം

(എ) ദേശീയ ഗെയിംസിന്റെ സംഘാടനവുമായി ബന്ധപ്പെട്ട് വർക്ക്സ് ടെക്നിക്കൽ കമ്മിറ്റി, പർച്ചേസ് കമ്മിറ്റി, ട്രാൻസ്പോർട്ട് കമ്മിറ്റി, ഫുഡ് കമ്മിറ്റി തുടങ്ങി 22 കമ്മിറ്റികൾ ഉണ്ട്. ഈ കമ്മിറ്റികളുടെ ശിപാർശപ്രകാരം നയപരവും സാമ്പത്തിക ബാദ്ധ്യതവരുന്നതുമായ തീരുമാനങ്ങൾ എക്സിക്യൂട്ടീവ് കമ്മിറ്റി കൈക്കൊള്ളുകയും ആവശ്യമായവയ്ക്ക് എംപവേർഡ് കമ്മിറ്റിയുടെയും സർക്കാരിന്റെയും അംഗീകാരം വാങ്ങുകയുമാണ് ചെയ്തിട്ടുള്ളത്.

(ബി) 59 പ്രാവശ്യം കമ്മിറ്റി കൂടിയിട്ടുണ്ട്. ഭാരവാഹികളെ സംബന്ധിച്ച വിവരം അനുബന്ധമായി ചേർക്കുന്നു.*

(സി) ഇല്ല.

(ഡി) ഉണ്ട്. അധികാരപരിധിയിൽ വരുന്ന തീരുമാനങ്ങളാണ് എടുത്തിട്ടുള്ളത്.

ദേശീയ ഗെയിംസിന്റെ നടത്തിപ്പ്

290 (296) ശ്രീ. എ. കെ. ബാലൻ :
ശ്രീ. എളമരം കരീം :
ശ്രീ. രാജു എബ്രഹാം :
ശ്രീ. സാജു പോൾ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനവും പരിസ്ഥിതിയും ഗതാഗതവും സ്പോർട്സും സിനിമയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ദേശീയ ഗെയിംസിന്റെ നടത്തിപ്പും ഉദ്ഘാടന-സമാപന പരിപാടികളുമായും ബന്ധപ്പെട്ട് ഉയർന്നു വന്ന ആരോപണങ്ങളെല്ലാം സർക്കാർ തള്ളിക്കളഞ്ഞിട്ടുണ്ടോ;

(ബി) അന്വേഷണം നടത്താൻ തീരുമാനിച്ചതിനുശേഷം ആരോപണങ്ങൾ പാടെ തള്ളിക്കളയാനും അത് പരസ്യമായി പത്രസമ്മേളനം നടത്തി പ്രഖ്യാപിക്കുവാനും കാരണം എന്തായിരുന്നു; ഇത് പ്രാഥമികമായ ഏതെങ്കിലും അന്വേഷണത്തിന്റെ അടിസ്ഥാനത്തിലായിരുന്നുവോ ; മുഖ്യമന്ത്രി നടത്തിയ പ്രഖ്യാപനം അന്വേഷണത്തെ സ്വാധീനിക്കുമെന്നറിയാമോ; ഗെയിംസുമായി ബന്ധപ്പെട്ട് ഉയർന്നുവന്ന പരാതികളെ കുറിച്ച് ഏത് ഏജൻസിയാണ് അന്വേഷണം നടത്തുന്നത്. വിശദമാക്കാമോ; ഇക്കാര്യത്തിൽ കായിക വകുപ്പ് മന്ത്രി ചീഫ് സെക്രട്ടറിക്ക് നൽകിയ നിർദ്ദേശങ്ങൾ എന്തായിരുന്നു;

(സി) ഉദ്ഘാടന ചടങ്ങിന് ചെലവിട്ട തുക കൂടിയെന്നും സമാപന ചടങ്ങിലെ ചെലവ് കുറക്കുമെന്നും പിഴവുകളുണ്ടായിട്ടുണ്ടെന്നും ദേശീയഗെയിംസ് പ്രവർത്തനം അവലോകനം നടത്തിയതിനുശേഷം ചീഫ് സെക്രട്ടറി പ്രസ്താവിക്കുകയുണ്ടായിരുന്നുവോ;

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.